ശ്രീ. എം. പി. ഗോവിന്ദൻ നായർ : യോഗ്യതയുള്ള ആളുകളെ ലഭിക്കുവാനുള്ള കുറവാണ് മുഖ്യമായിട്ടുള്ള കാരണം. ഇടയ്ക്ക് ഒരാഴ്ച അവധി എടുക്കുകയുണ്ടായി. ഉടനെതന്നെ വേറൊരാളെ നിയമിക്കുവാൻ ഓർഡർ കൊടുത്തിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഒരു ഓപ്പറേഷൻ കേസിൽ രോഗി പെട്ടെന്നു മരിച്ചുപോകുവാൻ ഇടയായിട്ടുള്ളതിനെപ്പറ്റി അന്വേഷിച്ചപ്പോഴും അവിടെ അനസ്തേഷ്യാ സ്പെഷ്യലിസ്റ്റില്ലായിരുന്നുവെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴും അവിടെ അനസ്തേഷ്യാ സ്പെഷ്യലിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോഴും അവിടെ അനസ്തേഷ്യാ സ്പെഷ്യലിസ്റ്റിനെ നിയമിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. കൂടുതൽ ആളുകളുടെ ആവശ്യമുണ്ട്. ഇതു എങ്ങനെ പരിഹരിക്കാമെന്നു ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ ഡിസ്ട്രിക്റ്റ് ആശുപത്രിയിലും ഒരു അനസ്തേഷ്യാ സ്പെഷ്യലിസ്റ്റിനെയെങ്കിലും നിയമിക്കണമെന്നു ഗവണ്മെന്റിനു വിചാരമുണ്ട്.

ശ്രീ. ഒ. കോരൻ : കണ്ണൂർ ഡിസ്ട്രിക്റ്റിൽ തളിപ്പറമ്പ താലൂക്കിൽ പയ്യന്നൂർ ആശുപത്രിയിൽ ഇപ്പോഴും ഡാക്ടർമാർ ആരും ഇല്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉടനടി വേണ്ട പരിഹാരം നിർദ്ദേശിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കണ്ണൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട പയ്യന്നൂർ ആശുപത്രിയിൽ ഡാക്ടർമാരുടെ തസ്തിക ഒഴിവായിക്കിടക്കുകയാണ്. ആളെ കിട്ടിയാൽ ഉടനെതന്നെ നിയമിക്കാം. തൽക്കാലം മറ്റൊരു ആശുപത്രിയിലെ ഡാക്ടർക്ക് അഡീഷണൽ ചാർജ്ജുകൊടുത്തിട്ടുണ്ട്.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : ഒറ്റപ്പാലം താലൂക്കിൽ അമ്പലപ്പാറ ആശുപത്രിയിൽ കുറെ നാളായി ഡാക്ടർ ഇല്ല. അവിടേയ്ക്ക് ഡാക്ടറെ സാങ്ഷൻ ചെയ്തിട്ടുണ്ടെങ്കിലും ആരും അവിടെ വരാൻ സമ്മതിക്കുന്നില്ല എന്നാണ് അറിയുന്നതു്. ഇതിനുള്ള കാരണമെന്താണ് ; കഴിയുന്നതും വേഗം അവിടെ ഡാക്ടറെ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ സ്ഥാപനങ്ങളിലേക്കും ആളുകളെ നിശ്ചയിച്ചിട്ടുണ്ട്. താമസിക്കുവാൻ സൗകര്യംപോരാ എന്നെല്ലാമുള്ള കാരണങ്ങളാൽ ആരും അവിടെ പോകുവാൻ ഇഷ്ടപ്പെടുന്നില്ല. ചില ആശുപത്രികളിൽ ഡാക്ടർമാരെ പോസ്റ്റുചെയ്താലും അവർ ഉടനെതന്നെ അവധിക്കപേക്ഷിക്കുകയും അവധി റഫ്യൂസ് ചെയ്യുമ്പോൾ രാജിവച്ചുപോകുകയും ചെയ്യുന്ന അനുഭവമാണ് ഉള്ളതു്. അങ്ങനെ ചില ബുദ്ധിമുട്ടുകളും ഉണ്ട്.

കൃഷിപ്പിഴ

* 400. [7] †ശ്രീ. എൻ. ഗോപാലക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണാട്ടുകരപ്രദേശത്തു് കഴിഞ്ഞവർഷമുണ്ടായ കൃഷിപ്പിഴയെപ്പറ്റി ഗവണ്മെന്റിനു കൃഷിക്കാരിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) അതിനെപ്പറ്റി എന്തെങ്കിലും തീരുമാനമെടുത്തുവോ ;

(സി) എങ്കിൽ എന്തു് ?

† Put by Shri P. K. Kunjachan.

LIBRARY ARCHIVES Kerala Legislative Assembly

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഉണ്ട്.

(ബി) തീരുമാനം എടുത്തു.

(സി) ഒരേക്കറോ അതിൽ കുറവോ കൃഷിനിലം ഉള്ളവക്ക് 50 ശതമാനമോ, അതിൽക്കൂടുതലോ കൃഷിനാശം സംഭവിച്ചിട്ടുണ്ടെങ്കിൽ ഏക്കറൊന്നിന 20 രൂപ സഹായധനം കൊടുക്കുന്നതിന നിശ്ചയിച്ചിട്ടുണ്ട്. ഈ തുക കൃഷിക്കാക്ക് ലഭിക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടറും, ആലപ്പുഴ, കൊല്ലം എന്നീ ഡിസ്ട്രിക്റ്റുകളിലെ കളക്ടർമാരും നടപടികളും എടുത്തുവരുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇന്നുവരെ ഈ പണം ആക്ടം വിതരണം ചെയ്തിട്ടില്ല എന്നുള്ള വിവരം അറിയാമോ ?

ശ്രീ. ഈ. പി. പൗലോസ് : 50 ശതമാനത്തിലധികം നഷ്ടം വന്നിട്ടുള്ള ഒരു ഏക്കറിൽ താഴെ ഭൂമിയുള്ളവക്കായി വീതിച്ചുകൊടുക്കേണ്ട താണ് ഈ തുക. ഇതിന്റെ അസസ്മെന്റ് പൂർത്തിയാകാത്തതു കാരണമായിരിക്കാം ഇതുവരെ കൊടുക്കുവാൻ കഴിയാതിരിക്കുന്നത്. എന്തായാലും ഒരു മാസത്തിനകം അസസ്മെന്റ് പൂർത്തിയാക്കി ഇതു വിതരണം ചെയ്യുക എന്നുള്ളതു് അസാധ്യമായ കാര്യമാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഓണാട്ടുകരയിലെ കൃഷിപ്പിഴയെ സംബന്ധിച്ചുള്ള അസസ്മെന്റു നടത്തി വില്ലേജ് ആഫീസർ റിപ്പോർട്ട സമർപ്പിച്ചിട്ടുള്ളതാണ്. പിന്നെ വെരിഫൈ ചെയ്യാൻ മാത്രം മതി. അതിന ഇത്രയധികം കാലതാമസം വരുന്നതിനുള്ള കാരണമെന്താണ് ?

ശ്രീ ഈ. പി. പൗലോസ് : എത്രയും വേഗം കൊടുത്തു തീർക്കണമെന്നു ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷമായി അതിവർഷംമൂലം കൃഷിപ്പിഴ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനു ഈ മൂന്നു വർഷമായി ഒരു പൈസപോലും ആക്ടം അനുവദിച്ചിട്ടില്ല. അതിനുള്ള പ്രത്യേക കാരണം എന്താണ് ; ഏറ്റവും വേഗം അനുവദിച്ചു കൊടുക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : 'പാവക്കാട്' എന്ന സ്ഥലത്തു കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്നു കണ്ടുപിടിച്ചു അവക്ക കൊടുത്തിട്ടുണ്ട്. കൃഷിനാശം സംഭവിച്ചിട്ടുള്ളവക്ക മേൽപ്പറഞ്ഞ തോതിൽ ഒരു റിലീഫ് നൽകുകയല്ലാതെ ഓരോ കർഷകനും നേരിട്ടുന്ന നഷ്ടം കണക്കാക്കി അതു് കൊടുക്കുവാൻ സാധ്യമല്ല.

ശ്രീ. എൻ. എസ്. കുഞ്ഞുപിള്ള : കൃഷിപ്പിഴയിൽ 50 ശതമാനം ഒരേക്കറിൽ താഴെയുള്ളവക്ക സഹായധനമായി കൊടുക്കാമെന്നു വ്യവസ്ഥ ചെയ്യുന്നതിനുള്ള പ്രത്യേക കാരണം എന്തു് ; ഒരേക്കറിൽ കൂടുതലുള്ളവക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഒരു സഹായവും കൊടുക്കേണ്ട എന്നു നിശ്ചയിക്കുവാൻ വല്ല മാനദണ്ഡവും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : 50 ശതമാനം സഹായധനമായി കൊടുക്കുന്നില്ല. ഒരേക്കറിൽ താഴെ കൃഷിചെയ്യുന്നവക്ക 50 ശതമാനത്തിൽ കൂടുതൽ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ 20 രൂപ സഹായധനമായി കൊടുക്കണമെന്നാണ് വ്യവസ്ഥ. ഒരേക്കറിൽ കൂടുതൽ ഭൂമിയും മറ്റും ഉള്ളവക്ക ഇവരെപ്പോലെ രണ്ടാമതു കൃഷിയിറക്കുന്നതിൽ വലിയ ബുദ്ധിമുട്ട നേരിടുകയില്ല. ഇതൊരു റിലീഫ് മെഷറാണ്, അതു കാംപൻസേഷനായി കണക്കാക്കരുതു്. രണ്ടാമതു കൃഷിയിറക്കുന്നതിനുള്ള ആവശ്യത്തിലേക്ക് കൃഷിപ്പിഴ വന്നുപോയതു കൊണ്ടു സാധിക്കാതെ വരുന്നവക്ക ഒരു റിലീഫ് കൊടുക്കുന്നതിനുവേണ്ടിയാണ് 20 രൂപാവീതം നൽകുന്നതു്. അതു കാംപൻസേഷനായി കൂട്ടിക്കുഴയ്ക്കുന്നതുകൊണ്ടുവരുന്ന ബുദ്ധിമുട്ടാണ് ഇതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്സ്. കുമാരൻ : ഓണാട്ടുകരയിൽ കൃഷിനാശം ഉണ്ടായതു എന്നാണു് ; വില്ലേജ് ആഫീസർ റിപ്പോർട്ട് സമർപ്പിച്ചതു് എന്നാണു് ?

ശ്രീ. ഈ. പി. പൗലോസ് : നഷ്ടം സംഭവിച്ച സ്ഥലങ്ങളിൽ കുറെ ഞാൻ നേരിട്ട കണ്ടിട്ടുള്ളതുതന്നെയാണു്. അതുവച്ചു കണക്കാക്കിക്കൊണ്ടു് നിലവിലുള്ള ചട്ടങ്ങളിൽ കുറച്ചുകൂടി അയവു വരുത്തിക്കൊണ്ടാണു് ഈ ഇരുപതു രൂപ സഹായധനമായി കൊടുക്കുന്നതു്.

പതിച്ചുകൊടുത്തിട്ടുള്ള ഭൂമി

* 401. [8] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1957-നു ശേഷം റവന്യൂഭൂമിയുടെ 25 ശതമാനം ഹരിജനങ്ങൾക്കു് പതിച്ചുകൊടുക്കുന്നതാണെന്ന വ്യവസ്ഥ അനുസരിച്ചു് ഏതെങ്കിലും ജില്ലയിൽ ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമിയാണു് ;

(സി) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ഹരിജനങ്ങൾക്കായി ഭൂമി പതിച്ചുകൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എവിടെയാണു്; എത്ര ഏക്കർ ഭൂമിയാണു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) എല്ലാ ജില്ലയിലും ഭൂമി പതിച്ചു കൊടുത്തിട്ടുണ്ടു്.

(ബി) 5,240 ഏക്കർ 51 സെന്റു്.

(സി) ഉണ്ടു്.

		ഏക്കർ	സെന്റു്
(ഡി)	തിരുവനന്തപുരം	454	92.301
	കൊല്ലം	912	87
	കോട്ടയം	848	67.419
	ആലപ്പുഴ	93	79.828
	എറണാകുളം	481	30.506
	തൃശ്ശൂർ	74	41.500
	പാലക്കാടു്	74	81.500
	കോഴിക്കോടു്	202	44.000
	കണ്ണൂർ	646	8 .000
	ആകെ	3789	32.054

ശ്രീ. പി. സി. ആദിച്ചൻ : ലാൻറ് അസൈൻമെൻറ് രൂൾ അനുസരിച്ചു ആകെ പതിച്ചുകൊടുത്ത ഭൂമി എത്രയാണെന്നു പറയാമോ ;

ശ്രീ. ആർ. ശങ്കർ : പ്രത്യേക ചോദ്യമായി ചോദിച്ചാലെ പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. എം. ജോർജ്ജു്: റവന്യൂ തരിശായിട്ടുള്ള പുറമ്പോക്കുഭൂമികളും അതുപോലെതന്നെ നോൺ റിവർട്ടബിളായിട്ടുള്ള വന ഭൂമികളും കൂടിയേറി പാർത്തിട്ടുള്ളവർക്കു് ഏറ്റവും വേഗം പട്ടയം പതിച്ചുകൊടുക്കുന്നതാണെന്നു പ്രഖ്യാപനം നടത്തിയിട്ടുണ്ടു്. അതിന്റെ നടപടി എന്തായി, ഇനിയും എത്രകാലം വേണ്ടിവരും അതു പൂർത്തിയാകാൻ ?

ശ്രീ. ആർ. ശങ്കർ : അതിന്റെ നടപടി ദ്രുഗതിയിൽ എടുത്തുകൊണ്ടിരിക്കുകയാണു്. എപ്പോൾ തീരുമെന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly